# പതിമൂന്നാം കേരള നിയമസഭ
## 15- ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 2290 | 08/12/2015 ൽ മറുപടിയ്ക്ക്

## മൊബൈൽ ടവറുകളുടെ പ്രവർത്തനവും ശബ്ദ മലിനീകരണവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സാജു പോൾ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ മൊബൈൽ ടവറുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ടവറുകളിൽ നിന്നുള്ള വികിരണം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) മൊബൈൽ ടവറുകളിൽ നിന്നുള്ള വികിരണം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നതായി നാളിതു വരെയുള്ള പഠനങ്ങളിൽ നിന്നും ആധികാരികമായും സംശയരഹിതമായും തെളിയിക്കപ്പെട്ടിട്ടില്ല. |
| (സി) ടവറുകൾക്ക് അനുവദിച്ചിട്ടുള്ള ശബ്ദത്തിന്റെ തോത് എത്രയെന്ന് അറിയിക്കുമോ ;<br><br>(ഡി) ടവറുകളുമായി ബന്ധപ്പെട്ട് രാത്രിയിലോ പകലോ ജനറേറ്ററുകളും മോട്ടറുകളും പ്രവർത്തിപ്പിക്കാൻ അനുവാദം നൽകിയിട്ടുണ്ടോ; എങ്കിൽ അതുമായി ബന്ധപ്പെട്ട് അനുവദിച്ച പരമാവധി ശബ്ദത്തിന്റെ അളവ് എത്രയെന്ന് അറിയിക്കുമോ; | (സി) യും (ഡി) യും അന്തരീക്ഷ വായുവിൽ അനുവദനീയമായ ശബ്ദത്തിന്റെ അളവ് പരിസ്ഥിതി സംരക്ഷണ നിയമപ്രകാരം 2000- ാം ആണ്ടിൽ വിജ്ഞാപനം ചെയ്ത നോയിസ് ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുണ്ട്. വ്യവസായിക മേഖല, വാണിജ്യ മേഖല, പാർപ്പിട മേഖല, നിശ്ശബ്ദ മേഖല എന്നിങ്ങനെ നാല് മേഖലകളായി തരം തിരിച്ച് ഓരോ മേഖലയിലും പകലും രാത്രിയും അനുവദനീയമായ ശബ്ദത്തിന്റെ പരിധി താഴെ പറയും പ്രകാരം ചട്ടത്തിൽ നിഷ്കർഷിച്ചിരിക്കുന്നു. |

| മേഖല | ശബ്ദ പരിധി (dB(A) Leq-ൽ) | |
|---|---|---|
| | പകൽ സമയം | രാത്രി സമയം |
| വ്യവസായിക മേഖല | 75 | 70 |
| വാണിജ്യ മേഖല | 65 | 55 |
| പാർപ്പിട മേഖല | 55 | 45 |
| നിശ്ശബ്ദ മേഖല | 50 | 40 |

പകൽ സമയം - രാവിലെ 6 മണി മുതൽ രാത്രി 10 മണി വരെ

രാത്രി സമയം - രാത്രി 10 മണി മുതൽ രാവിലെ 6 മണി വരെ

ടവർ സ്ഥാപിച്ചിരിക്കുന്ന സ്ഥലത്തിന്റെ അതിർത്തിക്കപ്പുറത്ത് ഏത് മേഖലയാണോ ആ മേഖലയ്ക്ക് അനുവദനീയമായ പരിധി കൈവരിക്കണം. ടവറുകളുമായി ബന്ധപ്പെട്ട് ജനറേറ്ററുകൾ പ്രവർത്തിപ്പിക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അനുമതി നൽകുന്നുണ്ട്.

(ഇ) ശബ്ദ മലിനീകരണം തടയാൻ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെ യാണെന്നും അധികാരപ്പെട്ട വകുപ്പ് ഏതെന്നും അറിയിക്കുമോ?

(ഇ) ജനറേറ്ററിന്റെ പ്രവർത്തനം മൂലം ഉണ്ടാകാവുന്ന ശബ്ദ മലിനീകരണം തടയാൻ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് ചുമതലയുണ്ട്. ശബ്ദത്തിന്റെ തീവ്രത കുറയ്ക്കുവാൻ അക്വാസ്റ്റിക് ആവരണം ഏർപ്പെടുത്തുകയോ അടച്ച മുറികളിൽ ജനറേറ്റർ സ്ഥാപിക്കുകയോ ചെയ്യണം. ഇപ്പോൾ അക്വാസ്റ്റിക് ആവരണത്തോടു കൂടിയ ജനറേറ്ററുകൾ മാത്രമേ നിർമ്മിക്കാവൂ എന്ന് പരിസ്ഥിതി സംരക്ഷണ ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ